# കെ.ടി.ഡി.സി. നടത്തുന്ന കുക്ക് / വെയ്റ്റർ /ഹൗസ്കീപ്പിംഗ് കോഴ്സുകൾ

ഭാരത സർക്കാരിന്റെ തൊഴിലധിഷ്ഠിത സംരംഭമായ **"ഹുണാർ സെ റോസ്ഗാർ തക്"** എന്ന സൗജന്യ പരിശീലന പരിപാടി കേരള സർക്കാർ സ്ഥാപനമായ കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നു.

- താഴെ പറയുന്ന മൂന്ന് മേഖലകളിലേയ്ക്കാണ് പരിശീലനം നൽകുന്നത്.

| | |
|---|---|
| 1. ഫുഡ് പ്രൊഡക്ഷൻ (കുക്ക്) | - 8 ആഴ്ച |
| 2. ഫുഡ് ആന്റ് ബിവറേജ് സർവ്വീസ് (വെയ്റ്റർ) | - 6 ആഴ്ച |
| 3. ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) | - 6 ആഴ്ച |

- ഈ കോഴ്സുകളിലേയ്ക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്.
- പ്രായപരിധി - 18 മുതൽ 28 വയസ്സ് വരെ
- യോഗ്യത - 8 - ൧൦ ക്ലാസ്സ് പാസ്സായിരിക്കണം
- ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് താമസവും ഭക്ഷണവും സൗജന്യമായിരിക്കും.
- മേൽപ്പറഞ്ഞിരിക്കുന്ന കോഴ്സ് കാലാവധി കഴിയുമ്പോൾ സ്കിൽ ടെസ്റ്റ് നടത്തുന്നതാണ്. ഹാജർ നില 90% ഉള്ളവർ മാത്രമേ ഈ പരിശീലനാനന്തര പരീക്ഷയിൽ പങ്കെടുക്കുവാൻ യോഗ്യത നേടുകയുള്ളു.
- മേൽപ്പറഞ്ഞ സ്കിൽ ടെസ്റ്റ് പാസ്സാകുന്നവർക്ക് ഭാരത സർക്കാരും കെ.ടി.ഡി.സിയും സംയുക്തമായി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
- സ്കിൽ ടെസ്റ്റിന് ഹാജരാകുന്നവർക്ക് താഴെപ്പറയുന്ന സ്റ്റൈപ്പന്റ് നൽകുന്നതാണ്.

| | |
|---|---|
| 1. ഫുഡ് പ്രൊഡക്ഷൻ (കുക്ക്) | - Rs. 2000/- |
| 2. ഫുഡ് ആന്റ് ബിവറേജ് സർവ്വീസ് (വെയ്റ്റർ) | - Rs. 1500/- |
| 3. ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) | - Rs. 1500/- |

- ഭാരത സർക്കാരും കെ.ടി.ഡി.സിയും സംയുക്തമായി നൽകുന്ന ഈ സർട്ടിഫിക്കറ്റ് വ്യാപകമായി അംഗീകാരം ഉള്ളവയാണ്. ഈ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഇന്ത്യയിലും വിദേശത്തും ഉള്ള ഹോട്ടൽ & കാറ്ററിംഗ് മേഖലകളിൽ വൻ തൊഴിൽ സാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

- കോഴ്സുകൾ ആരംഭിക്കുന്ന തീയതി : **01 ഫെബ്രുവരി 2016**

അപേക്ഷാ ഫോറം ട്രെയിനിംഗിനായി തിരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളിലും കെ.ടി.ഡി.സി.യുടെ ഹെഡ്ഓഫീസിലെ ട്രെയിനിംഗ് ഡിവിഷനിലും (ഫോൺ : 0471 - 2721243) **www.ktdc.com** എന്ന വെബ്സൈറ്റിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം കോഴ്സുകൾ ആരംഭിക്കുന്ന തീയതിക്കു മുൻപായി മുകളിൽ പറഞ്ഞിരിക്കുന്ന വിവിധ യൂണിറ്റുകളിലെ മാനേജരുടെയോ അല്ലെങ്കിൽ മാനേജർ-ട്രെയിനിംഗ്, കെ.ടി.ഡി.സി, തിരുവനന്തപുരം - 695 033 എന്ന വിലാസത്തിലോ അയയ്ക്കേണ്ടതാണ്.

# പരിശീലന പരിപാടി നടത്തുന്ന കെ.ടി.ഡി.സി. ഹോട്ടലുകൾ

ഈ പരിശീലന പരിപാടി കെ.ടി.ഡി.സി. യുടെ താഴെപ്പറയുന്ന 7 ഹോട്ടലുകളിൽ നടത്തുന്നു.

- താഴെപ്പറയുന്ന 3 ഹോട്ടലുകളിൽ ഫുഡ് പ്രൊഡക്ഷന് (കുക്ക്) - 30 സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്.

    1. മാസ്ക്കറ്റ് ഹോട്ടൽ, തിരുവനന്തപുരം (Tele: 0471- 2318990)
    2. വാട്ടർ സ്കേപ്സ്, കുമരകം (Tele: 0481-2525864)
    3. ബോൾഗാട്ടി പാലസ് ഹോട്ടൽ, കൊച്ചി (Tele: 0484-2750500)

- താഴെപ്പറയുന്ന 2 ഹോട്ടലുകളിൽ ഫുഡ് ആന്റ് ബിവറേജ് സർവ്വീസിന് (വെയ്റ്റർ) - 30 സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്.

    1. ടീ കൗണ്ടി, മൂന്നാർ (Tele: 04865-230460)
    2. ആരണ്യ നിവാസ്, തേക്കടി (Tele: 04869- 222023)

- താഴെപ്പറയുന്ന 2 ഹോട്ടലുകളിൽ ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) - 30 സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്.

    1. ഹോട്ടൽ സമുദ്ര, കോവളം (Tele: 0471-2480089)
    2. പെപ്പർ ഗ്രോവ്, സുൽത്താൻ ബത്തേരി (Tele: 04936-221900)

# “ഹുണാർ സെ റോസ്ഗാർ തക്” നിർദ്ദേശങ്ങൾ

- **കോഴ്സ് വിവരങ്ങൾ**

1.

| കോഴ്സിന്റെ പേര് | കാലാവധി | | സ്റ്റൈപ്പന്റ് |
|---|---|---|---|
| I. ഫുഡ് പ്രൊഡക്ഷൻ (കുക്ക്) | - 8 ആഴ്ച | - | Rs. 2000/- |
| II. ഫുഡ് ആന്റ് ബിവറേജ് സർവ്വീസ് (വെയ്റ്റർ) | - 6 ആഴ്ച | - | Rs.1500/- |
| III. ഹൗസ്കീപ്പിംഗ് യൂട്ടിലിറ്റി (ഹൗസ്കീപ്പർ) | - 6 ആഴ്ച | - | Rs.1500/- |

2. പ്രായപരിധി : 18 - 28
3. യോഗ്യത : 8- ൧ ൦ ക്ലാസ്സ് പാസ്സായിരിക്കണം.
4. കോഴ്സ് ഫീസ് : സൗജന്യം

- **അപേക്ഷിക്കേണ്ട വിധവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും**

1. അപേക്ഷകൾ നിശ്ചിത അപേക്ഷാ ഫാറത്തിൽ പൂരിപ്പിച്ചു നൽകേണ്ടതാണ്.
2. അപേക്ഷാ ഫാറത്തിനോടൊപ്പം നൽകേണ്ട സർട്ടിഫിക്കറ്റുകൾ :

   I. 8 - ൧൦ ക്ളാസ്സ് പാസ്സായ സർട്ടിഫിക്കറ്റിന്റെ രണ്ടു കോപ്പിയും
   
   II. തിരിച്ചറിയൽ കാർഡിന്റെ രണ്ടു കോപ്പിയും (തിരിച്ചറിയൽ കാർഡ് എന്നാൽ ഡ്രൈവിംഗ് ലൈസൻസ്/ ആധാർ/ പാസ്സ്പോർട്ട്/ പാൻകാർഡ്)
   
   III. രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
   
   IV. ഒരു രജിസ്റ്റേർഡ് അലോപ്പതി ഡോക്ടറുടെ സർട്ടിഫിക്കറ്റ് (ഒറിജിനലും ഒരു കോപ്പിയും)
   
   V. അപേക്ഷകന്റെ വസതി ഉൾപ്പെട്ട പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (ഒറിജിനലും ഒരു കോപ്പിയും).